# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം.പി.ആർ.121/2024 തിരുവനന്തപുരം, തീയതി: 31/05/2024

## പത്രക്കുറിപ്പ്

## മധ്യവേനലവധി കഴിഞ്ഞ് ക്ലാസ്സുകൾ ആരംഭിക്കുന്നു

കേരളസർവകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിലെ സി.ബി.സി.എസ്.എസ്. ബി.എ/ബി.എസ്സി./ബി.കോം. രണ്ടാം സെമസ്റ്റർ (2023 അഡ്മിഷൻ), നാലാം സെമസ്റ്റർ (2022 അഡ്മിഷൻ), എം.എ./എം.എസ്.സി./എം.കോം./എം.റ്റി.എ./ എം.എസ്.ഡബ്ല്യൂ./എം.പി.എ. രണ്ടാം സെമസ്റ്റർ (2023 അഡ്മിഷൻ), നാലാം സെമസ്റ്റർ (2022 അഡ്മിഷൻ) ക്ലാസ്സുകൾ മധ്യവേനലവധി കഴിഞ്ഞ് 2024 ജൂൺ 3 മുതൽ ആരംഭിക്കുന്നതാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല 2023 നവംബർ മാസം നടത്തിയ ആറ്, രണ്ട്, നാല് സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം./ബി.എച്ച്.എം.സി.റ്റി.) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2024 ജൂൺ 12 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് (M.P.E.S. 2020 സ്കീം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എഡ്. (റെഗുലർ – 2022 സ്കീം, സപ്ലിമെന്ററി – 2018 സ്കീം) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2024 ജൂൺ 14 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2024 ജൂൺ 26 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ./ബി.കോം./ബി.ബി.എ. എൽ.എൽ.ബി. (2013 സ്കീം – മേഴ്സിചാൻസ് – 2013 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴകൂടാതെ 2024 ജൂൺ 04 വരെയും 150 രൂപ പിഴയോടെ ജൂൺ 07 വരെയും 400 രൂപ പിഴയോടെ ജൂൺ 10 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

| |
|---|
| ***University information is available on*** **9188526670, 9188526671, 9188526674, 9188526675**<br>**Whats App No. 8547330240** |